

# വർക്കല വിജയന്റെ കൊലപാതകം പുനരന്വേഷിക്കുക



364.2

ജനാധിപത്യ
കൺവൻഷൻ
സ്വാഗതസംഘം




*തിരുവനന്തപുരം ശാസ്തമംഗലം ക്യാമ്പ്; ഇന്നത്തെ സൂര്യ ടിവിയുടെ ഓഫീസ്. ഇവിടെയാണ് ജയറാംപടിക്കൽ ക്ലോസ്ഡ് സർക്യൂട്ട് ടിവിയിൽ മർദ്ദനം കണ്ടുരസിച്ചത്*

**വർക്കല വിജയൻെറ കൊലപാതകം പുനരന്വേഷിക്കുക**



# ഇത് ചരിത്രത്തിന്റെ വിചാരണ



9327

Research Centre

ഇതാണ് ശാസ്തമംഗലം ക്യാമ്പ്. ഇവിടെ വച്ചാണ് വർക്കല വിജയൻ കൊലചെയ്യപ്പെട്ടത്. ഒരു കാരണവും കാണിക്കാതെ ആരെയും കസ്റ്റഡിയിലെടുക്കുന്നതിനും ഒരു പരിധിയുമില്ലാതെ തടവിൽ സൂക്ഷിക്കുന്നതിനും ഏതൊരു തരത്തിലുമുള്ള പീഡനമുറകൾ നടപ്പാക്കുന്നതിനും ഭരണകൂടം തന്നെ പോലീസുകാർക്ക് അധികാരം നൽകിയ കാലമായിരുന്നു അടിയന്തിരാവസ്ഥ. ഈ സ്വേച്ഛാധികാരത്തിന് വിധേയമായി നൂറുകണക്കിനാളുകളാണ് ഈ ക്യാമ്പിൽ തടവിലാക്കപ്പെട്ടത്. അതിലൊരാളായിരുന്നു

**വർക്കല വിജയന്റെ കൊലപാതകം പുനരന്വേഷിക്കുക**

‘കുത്തകകൾക്കും നാടുവാഴികൾക്കും കള്ളപ്പണക്കാർക്കും കരിഞ്ചന്തക്കാർക്കും മററു ജനദ്രോഹികൾക്കും സർവോപരി സാമ്രാജ്യത്വത്തിനും എതിരേ കൂടുതൽ നടപടികൾ സ്വീകരിച്ചുകൊണ്ട് ഇന്ത്യൻ ജനാധിപത്യത്തിന്റെ അർത്ഥവും വ്യാപ്തിയും വർദ്ധിപ്പിക്കാനായുള്ള സാഹചര്യങ്ങൾ സംജാതമാക്കിയിട്ടുണ്ട്.” – സി. പി. ഐ സ്റ്റേററ് കൗൺസിൽ

മലയാളമനോരമ,
കോട്ടയം
1975– ജൂലൈ 5

വർക്കല വിജയൻ. അന്ന് കേരളത്തിലെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും ഇത്തരത്തിലുള്ള പ്രത്യേക തടങ്കൽ പാളയങ്ങളും മർദ്ദക സംവിധാനങ്ങളും നിലനിന്നിരുന്നു. പ്രത്യേകം രൂപീകരിക്കപ്പെട്ട ക്രൈംബ്രാഞ്ചാണ് ആഭ്യന്തര മന്ത്രാലയത്തിനു കീഴിൽ ഈ മർദ്ദക സംവിധാനത്തെ നിയന്ത്രിച്ചിരുന്നത്. ആയിരക്കണക്കിന് രാഷ്ട്രീയ പ്രതിയോഗികളെ ഈ തടങ്കൽ പാളയങ്ങളിൽ മാസങ്ങളോളം അനധികൃത തടവിൽ പാർപ്പിച്ചിരുന്നു. കോഴിക്കോട് ജില്ലയിലെ കക്കയം എന്ന സ്ഥലത്ത് ഇത്തരത്തിൽ സ്ഥാപിച്ചിരുന്ന തടങ്കൽ പാളയത്തിൽ വച്ചാണ് രാജൻ എന്ന എഞ്ചിനീയറിംഗ് വിദ്യർത്ഥിയും കൊലചെയ്യപ്പെട്ടത്.

364.2

## ആരായിരുന്നു വർക്കല വിജയൻ?

വർക്കല കണ്ണമ്പയിലെ ജലജാഭവനിൽ പുരുഷോത്തമൻ പിള്ളയുടെയും ശ്രീദേവിയമ്മയുടെയും മൂത്തമകനായിരുന്നു വിജയൻ. വർക്കല എസ്.എൻ.കോളേജ് വിദ്യാർത്ഥിയായിരുന്ന വിജയൻ വർക്കലയിൽ ഒരു ബുക്ക്സ്ററാൾ നടത്തിയിരുന്നു. ഏതെങ്കിലും അംഗീകൃത രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകനായിരുന്നില്ല ആ ചെറുപ്പക്കാരൻ. വിദ്യാർത്ഥിയായിരുന്നപ്പോൾ അയാളുടെ സജീവ ആഭിമുഖ്യം നാടകമായിരുന്നു. ഒരു നാടകകൃത്തും നടനുമായിരുന്നു വിജയൻ. അയാൾ രാഷ്ട്രീയപ്രാധാന്യമുള്ള നാടകങ്ങൾ എഴുതി അവതരിപ്പിക്കുമായിരുന്നു. അന്നദ്ദേഹം എഴുതിയ ഒരു



നാടകത്തിന്റെ പേര് ‘ലിബറേഷൻ’ എന്നായിരുന്നു. മോചനം എന്ന രാഷ്ട്രീയാശയവും നാടകം എന്ന കലാരൂപവും മനസ്സിൽ താലോലിച്ച ആ ചെറുപ്പക്കാരന്റെ കർമ്മമണ്ഡലം പുസ്തകസ്റ്റാളുമായിരുന്നു. സാധാരണഗതിയിൽ ക്രിമിനലല്ലാത്ത ഇത്തരം സാഹിത്യ സാംസ്കാരിക ചിന്താമണ്ഡലത്തിൽ വ്യാപരിച്ചിരുന്ന ഈ യുവാവ് എങ്ങിനെയാണ് പൊടുന്നനെ ഒരു തീവ്രവാദിയും ഭരണകൂടത്തെ അട്ടിമറിക്കുന്നവനുമായി ചിത്രീകരിക്കപ്പെട്ടത്?

1975 ജൂൺ 26-ാനു പ്രഖ്യാപിക്കപ്പെട്ട അടിയന്തിരാവസ്ഥയുടെ സവിശേഷത അതായിരുന്നു. ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അലഹബാദ് ഹൈക്കോടതി റദ്ദ് ചെയ്തപ്പോൾ





**രാജേശ്വരറാവു**

**സി.പി. ഐ അഖിലേന്ത്യാ സെക്രട്ടറി രാജേശ്വരറാവു പാർട്ടിയിലെ അഞ്ചുലക്ഷം അംഗങ്ങളുടെ പൂർണ്ണപിന്തുണ പ്രഖ്യാപിച്ചു. ഇരുണ്ട ശക്തികൾക്കെതിരെ എന്ത് ത്യാഗം സഹിക്കാനും തങ്ങൾ തയ്യാറാണെന്ന് അദ്ദേഹം സിലിഗുരിയിൽ പ്രസ്താവിച്ചു.**

**മലയാളമനോരമ , 1975 ജൂലൈ 11, കോട്ടയം**


അതിനെ അധികാരത്തിലൂടെ നേരിടുക എന്നതായിരുന്നു അടിയന്തിരാവസ്ഥാ പ്രഖ്യാപനത്തിന്റെ അടിയന്തിര ലക്ഷ്യം. വലതുപക്ഷ ശിഥിലശക്തികൾ രാജ്യത്തെ ഭരണസംവിധാനം അട്ടിമറിക്കുന്നതിനാൽ അവയെ നേരിടുന്നതിനുള്ള പ്രത്യേക നിയമനിർമ്മാണം എന്ന നിലയ്ക്കാണ് അടിയന്തിരാവസ്ഥ വ്യാഖ്യാനിക്കപ്പെട്ടത്. "ജനാധിപത്യത്തേക്കാൾ പ്രധാനമാണ് രാഷ്ട്രം" എന്നാണ് അന്ന് ഇന്ദിരാഗാന്ധി പ്രസ്താവിച്ചത്. തുടർന്ന് "ഇന്ദിരയാണ് ഇന്ത്യ" എന്ന് അന്നത്തെ എ.ഐ.സി.സി.പ്രസിഡന്റ് വ്യാഖ്യാനിക്കുകയും ചെയ്തു. കൂട്ടത്തിൽ പറയട്ടെ അതിനു മുമ്പ് "ഞാനാണ് രാഷ്ട്രം" എന്ന് പ്രഖ്യാപിച്ച ഒരു സ്വേച്ഛാധിപതിയെ ചരിത്രത്തിലുണ്ടായിരുന്നുള്ളൂ. അത് ഫ്രാൻസിലെ ചക്രവർത്തിയായ ലൂയി 14-ാമൻ ആയിരുന്നു. സി.പി.ഐ. (എം.എൽ) ഉൾപ്പെടെ 26 സംഘടനകളെ നിരോധിക്കുകയും അവയുടെ ഓഫീസുകൾ രായ്ക്കുരാമാനം പിടിച്ചെടുത്ത് മുദ്രവയ്ക്കുകയും ചെയ്തു. അതുവഴി ജനാധിപത്യ മര്യാദയോടെ പ്രവർത്തിച്ചിരുന്ന സംഘടനകൾക്ക് അപ്രകാരം പ്രവർത്തിക്കാൻ കഴിയാത്ത ഒരവസ്ഥ സംജാതമായി. പ്രവർത്തിക്കണമെങ്കിൽ ഗവൺമെന്റിന്റെ കണ്ണുവെട്ടിച്ചാലേ കഴിയൂ എന്ന അവസ്ഥ വന്നു. അപ്രകാരമുള്ള നാമമാത്രമായ പ്രവർത്തനങ്ങളെപ്പോലും പ്രത്യേക പോലീസ് സംവിധാനവും തടങ്കൽപ്പാളയങ്ങളും കൊണ്ട് ഭരണകൂടം നേരിടുകയും ചെയ്തു. ഈ അവസ്ഥ ഇന്നത്തെ പുതിയ തലമുറയ്ക്ക് എളുപ്പത്തിൽ സങ്കല്പിക്കാൻ കഴിയുന്നതല്ല. ആ



ത്മാഭിമാനം നിറഞ്ഞ രാഷ്ട്രീയ പ്രയോഗത്തിന് ജീവൻ തന്നെ വിലയായി നൽകേണ്ടി വരുന്ന അവസ്ഥയായിരുന്നു അത്. കോൺഗ്രസ് .അംഗീകരിച്ച് നടപ്പാക്കിയ ഈ ഭരണരീതിയെ സി.പി.ഐയും അംഗീകരിച്ചു. സി.പി.എം. അന്ന് നിരോധിക്കപ്പെട്ട സംഘടനയായിരുന്നില്ല. എങ്കിലും ഔപചാരിക പ്രതിഷേധങ്ങളായ പ്രകടനങ്ങൾ, പണിമുടക്കങ്ങൾ, ബന്ദുകൾ ഇവയെല്ലാം അസാദ്ധ്യമായിരുന്നു. അതിനാൽ പ്രതിപക്ഷത്തായിരുന്ന സി.പി.എമ്മും അന്ന് നിഷ്ക്രിയമായിരുന്നു. അപ്രകാരം രാഷ്ട്രീയമായി നിഷ്ക്രിയമായ ഒരു പരിസരത്താണ് വർക്കല വിജയൻ തന്റെ രാഷ്ട്രീയ പ്രയോഗം കണ്ടെത്തിയത്. അതിനാൽ ജനാധിപത്യ സംരക്ഷണത്തിന്റെ ഒരു ന്യൂനപക്ഷാംഗമായിരുന്നു വിജയൻ.

**വർക്കല വിജയന്റെ**
**രാഷ്ട്രീയ പ്രയോഗം**

നിരോധിക്കപ്പെട്ട സി.പി. ഐ(എം.എൽ) ന്റെ ജില്ലാ ഓർ





**കേരളബന്ദ് പരാജയപ്പെട്ടു**

തിരു. ജൂലൈ 11: ചില പ്രതിപക്ഷകക്ഷിക്കാർ കേരളത്തിൽ ഇന്ന് ബന്ദ് നടത്താൻ നൽകിയ ആഹ്വാനം നിശ്ശേഷം പരാജയപ്പെട്ടു. പ്രതിപക്ഷ ആഹ്വാനം ജനങ്ങൾ പാടെ അവഗണിച്ചുവെന്ന് ആഭ്യന്തര മന്ത്രി കരുണാകരൻ ഇവിടെ പ്രസ്താവിച്ചു.

മാതൃഭൂമി, ജൂലൈ 12, 1975


ഗനൈസർ ആയിരുന്നു വിജയൻ. അറസ്റ്റിന്റെയും തടങ്കൽ പാളയത്തിന്റെയും ഭീഷണി നിലനിന്നിരുന്നതിനാൽ അദ്ദേഹം വീടുവിട്ടു പോയി. 1976 മാർച്ച് മാസം 5ന് തിരുവനന്തപുരത്ത് വച്ച് പോലീസിനാൽ പിടിക്കപ്പെടുന്നതുവരെ അദ്ദേഹം ഒളിവിലാണ് പ്രവർത്തിച്ചത്. വിജയൻ ചെയ്ത രാഷ്ട്രീയ പ്രവർത്തനം എന്തായിരുന്നു എന്ന് അന്ന് തടങ്കൽ പാളയത്തിൽ ജോലിചെയ്തിരുന്ന പോലീസുകാരൻ തന്നെ പറയുന്നു. “അടിയന്തിരാവസ്ഥക്കെതിരെ പോസ്റ്റർ ഒട്ടിച്ചത് മാത്രമാണ് വിജയന്റെ പേരിലുള്ള കുററം” ഒരു ഭീകര പ്രവർത്തനവും വിജയൻ നടത്തിയിരുന്നില്ല. എന്നാൽ ഒരു പോസ്റ്റർ പതിക്കുക എന്നതുപോലും വിധ്വംസക പ്രവൃത്തിയായി വ്യാഖ്യാനിക്കപ്പെടുന്ന കാലഘട്ടമായിരുന്നു അതെന്നും പുതിയ തലമുറ അറിയണം.

## മരണത്തിന്റെ ആദ്യ സാക്ഷ്യം

വിജയനൊപ്പം പിടിക്കപ്പെടുകയും 215 ദിവസം കസ്റ്റഡിയിൽ കഴിയുകയും ചെയ്ത സതി പറയുന്നു. “ഒരു ദിവസം വൈകിട്ട് എന്നെയും വിജയനെയും പടിക്കലിന്റെ മുറിയിൽ കൊണ്ടുപോയി കെട്ടിയിട്ടു. വൈകുന്നേരം സി.ഐ.ഷൺമുഖദാസ് ടെന്നീസ് കളികഴിഞ്ഞ് കയറിവന്നു. അയാൾ നന്നായി മദ്യപിച്ചിരുന്നു. വന്നപാടെ വിജയനെ ചവിട്ടിയുരുട്ടാൻ തുടങ്ങി. ഇടിയും ചവിട്ടും കൂടിയായപ്പോൾ വിജയൻ വല്ലാതെ നിലവിളിച്ചു. “എടാ പട്ടീ ഇനിയും എന്നെ അടി



ക്കരുത്"എന്ന് വിജയൻ വിളിച്ചു പറഞ്ഞു. കലികയറിയ ഷൺമുഖദാസ് വീണ്ടും വീണ്ടും ചവിട്ടി. വിജയൻ ബോധം കെട്ടു. പിറേറന്ന് ഞാറാഴ്ചയായിരുന്നു. ഞങ്ങളെ സെല്ലിലേക്ക് കൊണ്ടുപോയില്ല. അന്നു പകൽ മുഴുവൻ വിജയൻ വേദനകൊണ്ട് പിടയുന്നുണ്ടായിരുന്നു. വൈകിട്ട് നാലുമണിയോടെ വിജയൻ ഛർദ്ദി ആരംഭിച്ചു. ആഹാരം ഒന്നും കഴിച്ചിട്ടില്ലാത്തതിനാൽ വെറും മഞ്ഞവെള്ളമാണ് ഛർദ്ദിച്ചത്. അല്പം കഴിഞ്ഞ് രക്തം കലർന്ന ഛർദ്ദി പുറത്തു വന്നു. തുടർന്ന് മരണവെപ്രാളത്തോടെ വിജയൻ പിടച്ചു. എന്റെ കാലിലെ ചങ്ങല മുറുകി കാൽ മുറിഞ്ഞു. എന്റെ മുണ്ടിലും ഷർട്ടിലും ചോര തെറിച്ചു. തുടർന്ന് ഒരു ചുമയോടെ ഒരു വലിയ കട്ട രക്തം ഛർദ്ദിച്ചു. നാക്ക് തള്ളി കണ്ണു തുറിച്ച് അവസാനമായി പിടഞ്ഞ് വിജയൻ നിശ്ചലനായി. രണ്ടു തുള്ളി കണ്ണുനീരും ഒഴുകിയിറങ്ങുന്നത് ഞാൻ





**നിയമങ്ങൾ ലംഘിച്ചാൽ കർശനമായി നേരിടും- മുഖ്യമന്ത്രി അച്യുതമേനോൻ**
**മലയാളമനോരമ**
**കോട്ടയം, ജൂലൈ 8, 1975**

കണ്ടു."(മലയാളം വാരിക 1998, എസ്.ചന്ദ്രമോഹനൻ) പിടിക്കപ്പെട്ട് രണ്ടു ദിവസങ്ങൾക്കുള്ളിൽ വിജയൻ കൊല്ലപ്പെട്ടു. നിങ്ങളോർക്കണം അന്ന് അയാളുടെ പ്രായം 24 വയസ്സായിരുന്നു.

## അടിയന്തിരാവസ്ഥ പിൻവലിക്കപ്പെടുന്നു

20 മാസത്തെ പീഡാനുഭവത്തിന് അന്ത്യം വന്നത് ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ് പരാജയത്തോടെയാണ്. തുടർന്ന് അധികാരത്തിൽ വന്ന ജനതാ ഗവൺമെന്റ് ജനാധിപത്യവ്യവസ്ഥ പുനസ്ഥാപിച്ചു. ഇന്ത്യ വീണ്ടും ഒരു ജനാധിപത്യ രാജ്യമായി മാറി. തടവറയുടെ ശിശിരത്തിൽ നിന്ന് ജനാധിപത്യത്തിന്റെ പൂക്കാലത്തിലേക്ക് സഞ്ചരിച്ച രാഷ്ട്രീയ തടവുകാരുടെ വെളിവാക്കലുകളിലൂടെയാണ് തടവറ ക്യാമ്പുകളുടെ രഹസ്യം പുറത്തുവന്നത്. ഞെട്ടിക്കുന്ന ആ രഹസ്യങ്ങൾ വെളിവായതോടെ ചരിത്രം അതിന്റെ വിചാരണ ആരംഭിച്ചു. മർദ്ദകരും കൊലയാളികളുമായ പോലീസ് അധികാരികൾ വിചാരണയെ നേരിടാൻ കോടതിയിലേക്ക് എത്തിക്കപ്പെട്ടു. തെരുവിൽ അവർ അപമാനിക്കപ്പെട്ടു. അധികാരത്തിന്റെ ചിഹ്നങ്ങൾ അഴിഞ്ഞുവീണ് അവർ അപമാനത്തിന്റെ നഗ്നതപേറി നിന്നു. വിജയന്റെ കൊലപാതകവും അന്വേഷിക്കപ്പെട്ടു. പോലീസുകാർ തന്നെ പോലീസുകാർക്കെതിരെ കുററപത്രം നൽകി! വിചാരണ നടന്നെങ്കിലും ആത്യന്തികമായി കുററവാളികൾ ശിക്ഷിക്കപ്പെട്ടില്ല. കീഴ്ക്കോടതിയിൽ ശിക്ഷിക്കപ്പെട്ടവർ തന്നെ തെ

ളിവുകളുടെ അഭാവത്തിൽ മേൽക്കോടതികളിൽ വിട്ടയക്കപ്പെട്ടു. എല്ലാവരും പഴയ അധികാര കേന്ദ്രങ്ങളിൽ തിരിച്ചെത്തുകയും ചെയ്തു.



### ചരിത്രം വീണ്ടു മുന്നോട്ട്

തനിയാവർത്തനമില്ലാത്ത ചരിത്രത്തിന്റെ യുക്തികൾക്ക് പലപ്പോഴും അതിന്റെ തന്നെ വിചിത്രമായ സഞ്ചാരഗതികളുണ്ട്. മുൻകൂർ നിർണ്ണയിച്ച സഞ്ചാരപഥങ്ങളോ, രൂപരേഖകളോ ഇല്ലാത്തതിനാൽ അതെപ്പോഴും നിത്യനൂതനമായ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. മൂന്ന് പതിററാണ്ടുകൾക്കു മുമ്പ് നടന്ന ഒരു കൊലപാതകത്തിന്റെ അന്തർനാടകങ്ങൾ വിശദീകരിച്ചുകൊണ്ട് റിട്ട. ഹെഡ് കോൺസ്റ്റബിൾ രാമച



**വർക്കല വിജയന്റെ കൊലപാതകം പുനരന്വേഷിക്കുക**



അടിയന്തരാവസ്ഥ അച്ചടക്കത്തിന്റെ കാലഘട്ടം
– വിനോഭാബാവെ
കേരളകൗമുദി 1975 ജൂലൈ 11

ന്ദ്രൻ നായർ നടത്തിയ വെളിവാക്കൽ ചരിത്രത്തിന്റെ തന്നെ അനന്യമായ ഒരത്ഭുതമായി മാറി. തുടർന്ന് സഖാവ് വർഗ്ഗീസിന്റെ കൊലപാതകം ഒരു പുനരന്വേഷണ പ്രമേയമായി മാറി. പുതിയ തെളിവുകൾ പുതിയ വിചാരണയിലേക്ക് നയിക്കുന്നതിന് നാം സാക്ഷ്യം നിന്നു. വിജയൻ വധക്കേസിലും ഇത് സംഭവിച്ചു. പോലീസുകാരായ ദയാനന്ദനും തോംസണും സുഗതകുമാറും അച്ചടിമാധ്യമത്തിലും ദൃശ്യമാധ്യമത്തിലും ഇതുപോലെ വെളിവാക്കലുകൾ നടത്തി. മലയാളം വാരികയിലും ഏഷ്യാനെററിലെ കണ്ണാടിയിലുമാണ് അവർ സത്യം തുറന്നു പറഞ്ഞത്. ദയാനന്ദൻ ഇങ്ങനെ പറയുന്നു: "ക്രൈംബ്രാഞ്ച് ഓഫീസിനോട് ചേർന്ന് ടെന്നീസ് കോർട്ടുണ്ട്. സി.ഐ.മാരായ ഷൺമുഖദാസ് (ഇദ്ദേഹം മരണമടഞ്ഞു) വി.രവീന്ദ്രൻ, എം.എം.അലക്സാണ്ടർ, വി.എ.വർഗ്ഗീസ്, എസ്.ഐ.ഗോപകുമാർ എന്നിവരെല്ലാം വൈകുന്നേരംഅവിടെ ടെന്നീസ് കളിക്കും. ടെന്നീസുകളിച്ച് ദേഹം ചൂടായാൽ ഉടനെ മുകളിലത്തെ സെല്ലിലെത്തി തടവുകാരെ ഭീകരമായി മർദ്ദിക്കുമായിരുന്നു. അന്നൊരു ഞായറാഴ്ചയായിരുന്നു. താഴത്തെ നിലയിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് അവധിയായിരുന്നു. വൈകുന്നേരത്തോടെ ഞാനും ഡ്രൈവർമാരായ സോമശേഖരനും 4831 നമ്പർ ഡ്രൈവർ ശ്രീകണ്ഠനും അല്പം മദ്യപിച്ചു. ഇതിനു ശേഷം ഞങ്ങളുടെ വണ്ടികളിൽ കിടന്ന് ഉറങ്ങി. രാത്രിയോടെ എന്നെ ആരോ തട്ടിവിളിച്ചു. സർക്കിൾ ഇൻസ്പെക്ടർ വി.എ.വർഗ്ഗീസായിരുന്നു അത്. നമുക്ക് ഒരു സ്ഥലം വരെ



പോകണം, വണ്ടി എടുക്കാനും പറഞ്ഞു. കല്ലാറിലെത്തിയപ്പോൾ പൊൻമുടി റൂട്ടിൽ വണ്ടി വിടാൻ പറഞ്ഞു. അന്ന് പൊൻമുടിയിൽ തേയിലതോട്ടങ്ങളും ഒന്നോ രണ്ടോ കെട്ടിടങ്ങളുമേ ഉണ്ടായിരുന്നുള്ളൂ. പൊൻമുടിയിൽ അപ്പർ സാനിറേറാറിയത്തിലേക്കാണ് പോയത്. മൂന്ന് വാഹനങ്ങളും നിർത്തി. കൃഷ്ണപിള്ളയും മാധവൻ നാടാരും ജഡ്ഡം വണ്ടിയിൽ നിന്നിറക്കി. അല്പം ദൂരെയുള്ള ഒരു കൊക്കയുടെ സമീപത്തേക്ക് ഓഫീസർമാരടങ്ങുന്ന സംഘം പോയി. ഡ്രൈവർ ശശി ജീപ്പിൽ സൂക്ഷിച്ചിരുന്ന കന്നാസെടുത്ത് പിറകെ പോയി. ഞാൻ വണ്ടിയിൽ തന്നെ ഇരുന്നു. അല്പസമയത്തിനുശേഷം പോലീസ് സംഘം മടങ്ങിയെത്തി. 'ആസിഡാണ് അവന്റെ പൊടിപോലും കിട്ടില്ല' എന്ന് കൃഷ്ണൻ എന്നോട് പറഞ്ഞു. ഞങ്ങൾ തിരികെ പോന്നു." (മലയാളം വാരിക 1998, എസ്.ചന്ദ്രമോ ഹനൻ)

സുഗതകുമാർ പറയുന്നു: "ഒരു ദിവസം വൈകുന്നേരത്തോടെയാണ് വിജയൻ എന്ന വർക്കല സ്വദേശിയായ യുവാവിനെ കസ്റ്റഡിയിലെടുത്തുകൊണ്ടു വന്നത്. ചുറുചുറുക്കുള്ള ചെറുപ്പക്കാരനായിരുന്നു അയാൾ. ഞാൻ താഴെ നിലയിൽ നിൽക്കുമ്പോഴാണ് ഇയാളെ മുകളിലേക്ക് കൊണ്ടുപോകുന്നത് കണ്ടത്. പിന്നീട് പല ദിവസവും ഇയാളെ കസ്റ്റഡിയിലിട്ട് ഭീകരമായി മർദ്ദിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ചില ദിവസങ്ങൾ രാവിലെ ഇയാളെ ക



**അടിയന്തിരാവസ്ഥയ്ക്കു മുമ്പുണ്ടായിരുന്ന ദുസ്വാതന്ത്ര്യത്തിലേക്ക് ഇന്ത്യയ്ക്ക് ഇനിയൊരിക്കലും തിരിച്ചു പോകാനാവില്ല**

**– ഇന്ദിരാഗാന്ധി**
**1975 ജൂലൈ 21,**
**മാതൃഭൂമി**

9327

ക്കൂസിലേക്ക് കൊണ്ടുവരുന്നത് രണ്ടുപേർ താങ്ങിപ്പിടിച്ചായിരുന്നു. വിജയനെ കൊലപ്പെടുത്തിയ ദിവസം എനിക്ക് ഡ്യൂട്ടി ഉണ്ടായിരുന്നില്ല. അടുത്തദിവസം രാവിലെ വന്നപ്പോൾത്തന്നെ സഹപ്രവർത്തകർ പറഞ്ഞ് ഞാൻ വിവരം അറിഞ്ഞു. ക്രൂരമായ മർദ്ദനമേററ് വിജയൻ മരിച്ചെന്നായിരുന്നു അറിഞ്ഞത്." (മലയാളം വാരിക)

തോംസൺ പറയുന്നു: "ക്രൂരമായ മർദ്ദനമുറകളാണ് അന്ന് ഈ യുവാക്കളുടെ മേൽ പ്രയോഗിച്ചത്. സർക്കിൾ ഇൻസ്പെക്ടർമാരായ എം.എം.അലക്സാണ്ടർ, രവീന്ദ്രൻ, ഷൺമുഖദാസ്, ലക്ഷ്മണപണിക്കർ എന്നിവരാണ് മർദ്ദനത്തിന് നേതൃത്വം നൽകിയിരുന്നത്. അന്ന് പിടിച്ചുകൊണ്ടുവന്ന ട്രാൻസ്പോർട്ടിലെ ജീവനക്കാരനായിരുന്ന ബാലകൃഷ്ണനെ ചുമരോട് ചേർത്തു നിർത്തി ആലക്സാണ്ടർ ആഞ്ഞിടിച്ചു. ചുമരിൽ തലയടിച്ച ആ യുവാവിന് ഇന്നും കാഴ്ചശക്തി തിരിച്ചുകിട്ടിയിട്ടില്ല"



പ്രതിലോമശക്തികൾക്കെതിരായ അടിയന്തിരാവസ്ഥയ്ക്ക് പിന്തുണ നൽകണം – എ.കെ. ആന്റണി
കേരളകൗമുദി, ജൂലൈ 2, 1975

ഇതോടെ വിജയൻ കേസും പുതിയൊരു വിചാരണ ആവശ്യപ്പെടുന്നു. ചരിത്രത്തിന്റെ ഏററുപറച്ചിലിൽ ഒരു പുതിയ നൈതികത നാമ്പിടുന്നു. പഴയ സഖ്യങ്ങളും സങ്കല്പങ്ങളും പാടെ തകിടം മറിയുന്നു. നൈതികതയുടെ പുനർവായനയിലൂടെയും അതുല്പാദിപ്പിക്കുന്ന പുതിയ മൂല്യങ്ങളുടെയും വെളിച്ചത്തിൽ മർദ്ദിതർ മാത്രമല്ല മർദ്ദകരും പരിവർത്തിക്കുന്നു. വിനയപൂർവ്വം പരിവർത്തിക്കാൻ തയ്യാറാകാത്ത മൂർഖത്വം നിറഞ്ഞവർ ആ ചരിത്ര മുഹൂർ

ത്തത്തിൽ അപഹാസ്യരാകുന്നു. എല്ലാവർക്കും മനഃപരിവർത്തനം ഉണ്ടാകണമെന്ന് ചരിത്രത്തിന്റെ നീതിബോധം ആവശ്യപ്പെടുമ്പോൾ ഈ ജനാധിപത്യ കൺവെൻഷൻ സാദരം അതിനായി കാതോർക്കുന്നു. വർക്കല വിജയൻ കേസിൽ പുനർവിചാരണ ആവശ്യപ്പെടാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നത് ഈ നീതിബോധമാണ്.



**കൺവെൻഷൻ ഉന്നയിക്കുന്ന പ്രധാന ആവശ്യങ്ങൾ**

1. വർക്കല വിജയൻ കേസടക്കം അടിയന്തിരാവസ്ഥയിലെ എല്ലാ അതിക്രമങ്ങളും പുനരന്വേഷിക്കുവാൻ സർക്കാർ തയ്യാറാവുക.
2. അടിയന്തിരാവസ്ഥ കാലഘട്ടത്തിലെ മർദ്ദകക്യാമ്പുകളെ ചരിത്രസ്മാരമാക്കി മാററുക.
3. ഈ ക്യാമ്പുകളിൽ തടവിൽ കഴിഞ്ഞ രാഷ്ട്രീയക്കാരെ ആദരിക്കുക.
4. അടിയന്തിരാവസ്ഥക്കാലം സവിസ്തരം ആധാരം ചെയ്യുക.
5. ഭരണകൂടഹിംസക്കെതിരെ നിയമപരവും പ്രക്ഷോഭപരവുമായ പദ്ധതികൾ തയ്യാറാക്കുക.


സ്വാഗതസംഘത്തിനു വേണ്ടി ഭാസുരേന്ദ്രബാബു തയാറാക്കി
ജി.ഗോപൻ ഇല്ലസ്ട്രേററ് ചെയ്തത്.

തിരുവനന്തപുരം, നവംബർ 2005
സംഭാവന: 10 രൂപ

റൂം നമ്പർ 21, ട്രിവാൻഡ്രം ടൂറിസ്ററ് ഹോം, തിരുവനന്തപുരം
ഫോൺ: 0471-2167124, 0471-2365620, 9447343447




രക്തസാക്ഷികൾക്ക്
അഭിവാദ്യങ്ങൾ

അവരെ പാലൂട്ടിയ
അമ്മമാർക്കഭിവാദ്യങ്ങൾ

നമുക്കുചുററും പാറിനടന്ന്
ഇത് ചോദ്യം ചെയ്യൂ എന്നു പറയുന്ന
അവരുടെ ആത്മാക്കൾക്ക്
അഭിവാദ്യങ്ങൾ

# വർക്കല വിജയന്റെ കൊലപാതകം പുനരന്വേഷിക്കുക



364.2

ജനാധിപത്യ
കൺവൻഷൻ
സ്വാഗതസംഘം

Indic Digital Archive Foundation
gpura.org